## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - നഗരകാര്യവകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. എം. കെ. സുരേഷ് കുമാർ, ശ്രീ. വി. വി. അജയൻ എന്നീ ജീവനക്കാരുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

### തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.2351/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 03.09.2018.

പരാമർശം : 1) നഗരകാര്യഡയറക്ടറുടെ 07.03.2018, 19.07.2018 തീയതികളിലെ ഇ 1-2402/2016 നമ്പർ കത്ത്.

2) നഗരകാര്യഡയറക്ടറുടെ 27.01.2018 തീയതിയിലെ ഇ 1-2402/2016(1) നമ്പർ ഉത്തരവ്.

3) നഗരകാര്യ ഡയറക്ടറുടെ 27.01.2018 തീയതിയിലെ ഇ 1-2402/2016(2) നമ്പർ ഉത്തരവ്.

### ഉത്തരവ്

നഗരകാര്യ വകുപ്പിൽ 20.12.1995 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. എം.കെ.സുരേഷ് കുമാർ ഈ തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷ വിജയിച്ചിട്ടില്ലാത്തതിനാൽ ടിയാൾക്ക് 30.06.2013 തീയതിയിൽ 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളതായും ആയതിന് സാധൂകരണം നൽകി ടിയാളുടെ (ജനനത്തീയതി 01.07.1963) പ്രൊബേഷൻ കാലയളവ് 01.07.2013 തീയതിയിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക വിധത്തിൽ പ്രൊബേഷൻ കാലയളവ് 02.07.2013 വരെ ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

നഗരകാര്യ വകുപ്പിൽ ശിപായി തസ്തികയിൽ 10.08.2000 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ, വി.വി.അജയൻ 24.04.2009 ലെ ഉത്തരവ് പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുകയും 30.04.2009 ൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തതായും എന്നാൽ ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷ വിജയിച്ചിട്ടില്ലാത്തതിനാൽ ടിയാന് 30.05.2012 തീയതിയിൽ 50 വയസ് (ജനനത്തീയതി 31.05.1962) പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയതായും. ആയതിന് സാധൂകരണം നൽകി ടിയാന്റെ പ്രൊബേഷൻ 31.05.2012 തീയതിയിൽ പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക വിധത്തിൽ പ്രൊബേഷൻ കാലയളവ് 01.06.2012 വരെ ദീർഘിപ്പിച്ച് ഉത്തരവാകണമെന്നും നഗരകാര്യഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു

20.12.1995 തീയതിയിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. എം.കെ.സുരേഷ് കുമാറിന്റെ പ്രൊബേഷൻ കാലയളവ് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ 2 വർഷ സേവനം പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (19.12.1998 വരെ) പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്. കൂടാതെ 30.04.2009 തീയതിയിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. വി വി അജയന്റെ പ്രൊബേഷൻ, എൽ. ഡി. ക്ലാർക്ക് തസ്തികയിൽ 2 വർഷ സേവനം പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (29.04.2012 വരെ) പരാമർശം 2 പ്രകാരം നഗരകാര്യഡയറക്ടർ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എം. കെ. സുരേഷ് കുമാറിന്, 30.06.2013 തീയതിയിലും ശ്രീ. വി.വി. അജയന് 30.05.2012 തീയതിയിലും 50 വയസ്സ് പൂർത്തിയായിട്ടുള്ളതിനാൽ KS & SSR 1958 Part II ചട്ടം 13 B 4-ാമത്തെ പ്രൊവിസൊ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test)നിന്നും സ്ഥിരമായി ഒഴിവാക്കി 50 വയസ്സ് പൂർത്തിയായിട്ടുള്ളതിന്റെ അടുത്ത ദിവസം മുതൽ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ കഴിയുന്ന വിധത്തിൽ ശ്രീ. എം. കെ. സുരേഷ് കുമാർ എന്ന ജീവനക്കാരന്റെ പ്രൊബേഷൻ കാലം 20.12.1998 മുതൽ 02.07.2013 വരെയും, ശ്രീ. വി. വി. അജയൻ എന്ന ജീവനക്കാരന്റെ പ്രൊബേഷൻകാലം 30.04.2012 മുതൽ 01.06.2012 വരെയും KS & SSR , Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചുത്തരവാകുന്നു.

എൽ.ഡി.ക്ലാർക്കുമാരായ ശ്രീ. വി. വി. അജയൻ, ശ്രീ. എം. കെ. സുരേഷ് കുമാർ എന്നിവരുടെ പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് മുൻപായി സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിച്ച ഡയറക്ടറുടെ നടപടി സാധൂകരിച്ചും ഉത്തരവാകുന്നു.

ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്ന അവസരത്തിൽ ജീവനക്കാരന്റെ അർഹത നിലവിലെ ചട്ടങ്ങളും വ്യവസ്ഥകളും കർശനമായും പരിശോധിച്ചതിനുശേഷം മാത്രമേ സ്ഥാനക്കയറ്റം നല്കാവൂയെന്ന കാര്യം നഗരകാര്യ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്,**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. എം. കെ. സുരേഷ് കുമാർ, സീനിയർ ക്ലർക്ക്, നഗരകാര്യ വകുപ്പ്. തിരുവനന്തപുരം.
ശ്രീ. വി. വി. അജയൻ, സീനിയർ ക്ലർക്ക്, നഗരകാര്യ വകുപ്പ്. തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**